Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. 5585/AO(RMC)/2021/കെ ഡബ്ല്യു എ

തീയതി: 08.04.2021

**<u>സർക്കുലർ</u>**

വിഷയം:- കേരളവാട്ടർ അതോറിറ്റി- "തീവ്ര കുടിശ്ശിക നിവാരണ യജ്ഞം 2021-22" വാട്ടർ അതോറിറ്റിക്ക് ലഭിക്കാനുള്ള കുടിശിക തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ - സംബന്ധിച്ച്

സൂചന :- 1) 15/03/2021ഈ കാര്യാലയത്തിലെ ഇതേ നമ്പർ സർക്കുലർ

2020-21 സാമ്പത്തിക വർഷത്തെ റവന്യൂ ടാർജറ്റ് 734 കോടി രൂപയായി നിശ്ചയിച്ചിരുന്നു. ഈ നേട്ടം കൈവരിക്കാനുള്ള പരിശ്രമത്തിൽ ആയിരുന്നു നമ്മൾ. എന്നാൽ 12/3/2021 ൽ ബഹു. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ മീറ്റിങ്ങിൽ 2/2021 ലെ DCB പ്രകാരമുള്ള കുടിശ്ശിക തുകയായ 1492 കോടി രൂപയിൽ (LSGD ഒഴികെ) 1000 കോടിരൂപ 31/03/2021 ന് മുൻപായി പിരിച്ചെടുക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. ഇതിനുവേണ്ടി യുദ്ധകാല അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതിനായി എല്ലാ ഓഫീസുകളിലും അവധി ദിവസങ്ങളിൽ ഉൾപ്പെടെ ഒരു വാർറൂം തുറന്നു പ്രവർത്തിച്ചിരുന്നു. വളരെ ക്രിയാത്മകമായ സഹകരണമാണ് ഇക്കാര്യത്തിൽ എല്ലാ ജീവനക്കാരിൽ നിന്നും ഉണ്ടായത്. അതിന്റെ ഫലമായി കഴിഞ്ഞ മാർച്ച് മാസത്തെ കളക്ഷൻ ചരിത്രത്തിൽ ആദ്യമായി 100 കോടി എന്ന നേട്ടം കൈവരിക്കുകയുണ്ടായി. ഈ നേട്ടം കൈവരിക്കാൻ അഹോരാത്രം പ്രയത്നിച്ച എല്ലാ ജീവനക്കാരും അഭിനന്ദനം അർഹിക്കുന്നു. 1000 കോടിരൂപയിൽ 10% ശമാനത്തോളം മാത്രമേ പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുള്ളൂ എങ്കിലും ഇതൊരു നല്ല തുടക്കം ആയി കരുതി മാർച്ച് മാസത്തിൽ നമ്മൾ നടത്തിയ പ്രവർത്തനങ്ങൾ കൂടുതൽ കരുത്തോടെ മുന്നോട്ട് കൊണ്ടു പോകേണ്ടിയിരിക്കുന്നു. വാട്ടർ അതോറിറ്റിക്ക് ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ളത് സർക്കാർ വകുപ്പുകൾ ആണ്. നിരന്തരമായ ഇടപെടലുകളിലൂടെ മാത്രമേ ഈ കുടിശ്ശിക നമ്മൾക്ക് പിരിച്ചെടുക്കുവാൻ സാധിക്കുകയുള്ളൂ. അതുപോലെ തന്നെ കഴിഞ്ഞ കുറേ വർഷങ്ങളായി നമ്മൾ വിച്ഛേദന നടപടികൾ കാര്യക്ഷമമായി നടത്തുന്നത് ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് ഇതിനൊരു മാറ്റം വന്നേ മതിയാകൂ വിച്ഛേദന നടപടികൾ ഒരു തുടർ പ്രക്രിയ ആയെങ്കിൽ മാത്രമേ നമ്മുടെ കുടിശ്ശിക തുക പിരിച്ചെടുക്കുവാൻ സാധിക്കുകയുള്ളൂ.

ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നതുകൊണ്ട് ഇന്റേർണൽ അദാലത്ത് യഥാസമയം നടത്തി **unidentified** കണക്ഷനുകൾ e-അബാക്കസിൽ നിന്നും നീക്കം ചെയ്യാൻ സാധിച്ചിട്ടില്ല എന്നും ടി പ്രവർത്തനങ്ങൾ നടത്തുന്നതിന് 30/4/2021 വരെ സമയം നീട്ടി നൽകണമെന്നും പല ഡിവിഷനുകളും ആവശ്യപ്പെട്ടിട്ടുണ്ട്. **Unidentified** കണക്ഷനുകളിലെ കുടിശ്ശിക തുക e- അബാക്കസിൽ നിന്നും നീക്കം ചെയ്യാത്തത് കൊണ്ടാണ് ഡി സി ബി യിൽ ഇത്രയും ഉയർന്ന കുടിശ്ശിക തുക വരുന്നത്. ആയതിനാൽ നമ്മുടെ DCB യാഥാർഥ്യമുള്ളതാക്കുന്നതിനും നമ്മൾക്ക് ലഭിക്കാനുള്ള കുടിശിക തുക യഥാസമയം പിരിച്ചെടുക്കുന്നതിനും താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്

1) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗാർഹിക ഉപഭോക്താക്കളുടെ കണക്ഷനുകൾ ഒഴികെ കുടിശ്ശിക വരുത്തിയിട്ടുള്ള എല്ലാ വിഭാഗം കണക്ഷനുകളും സമയബന്ധിതമായി വിച്ഛേദന നടപടികൾ നടത്തേണ്ടതാണ് ഏറ്റവും കൂടുതൽ കുടിശ്ശികയുള്ള കണക്ഷനുകൾ ആദ്യം വിച്ഛേദിക്കേണ്ടതാണ്.

Draft #4 of File 5585/AO(RMC)/2021/KWA Approved by Managing Director on 08-Apr-2021 01:49 PM - Page 1

2) ഓരോ ഡിവിഷനുകളിൽ നിന്നും വിച്ഛേദിക്കേണ്ട കണക്ഷനുകളുടെ ലിസ്റ്റ് (തുക അനുസരിച്ച്) ബന്ധപ്പെട്ട റവന്യൂ ഓഫീസർമാർ എല്ലാ മാസവും അഞ്ചാം തീയതിക്ക് മുൻപായി സബ് ഡിവിഷനുകൾക്ക് നൽകേണ്ടതും പ്രസ്തുത നടപടികൾ ഏകോപിപ്പിക്കേണ്ടതുമാണ്. ടി നടപടികൾ യഥാവിധി നടക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് പ്രതിമാസ റിപ്പോർട്ട് RO മാർ RMC ക്ക് നൽകേണ്ടതാണ്

3) **Internal** അദാലത്ത് നടപടികൾ പൂർത്തിയാകാത്ത ഡിവിഷനുകൾ 30/4/2021 മുൻപായി പ്രസ്തുത നടപടികൾ പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയർമാർ ശ്രദ്ധിക്കേണ്ടതാണ്. **Unidentified** കണക്ഷനുകളിലെ കുടിശ്ശിക തുക സംബന്ധിച്ച വിവരങ്ങൾ അദാലത്തിൽ ഉൾപ്പെടുത്തി തീർപ്പു കൽപ്പിച്ചു ഇ-അബാക്കസിൽ നിന്നും ഒഴിവാക്കേണ്ടതാണ്.യാതൊരു കാരണവശാലും ഇക്കാര്യത്തിൽ ഇനി സമയം നീട്ടി നൽകുന്നതല്ല.

4) കുടിശ്ശിക വരുത്തിയിട്ടുള്ള എല്ലാ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും ദ്വൈമാസ ബില്ലുകൾ നൽകുന്നതിനോടൊപ്പം കുടിശിക തുക അടച്ചിട്ടില്ല എങ്കിൽ വിച്ഛേദന നടപടികൾ സ്വീകരിക്കുമെന്ന മുന്നറിയിപ്പോടുകൂടിയ നോട്ടീസുകൾ ബന്ധപ്പെട്ട റവന്യൂ ഓഫീസർമാർ നിശ്ചിത ഇടവേളകളിൽ നൽകേണ്ടതാണ്. ടി കുടിശിക തുക ലഭിക്കുന്നത് വരെ നിരന്തരമായ കത്തിടപാടുകൾ RO മാർ നടത്തേണ്ടതാണ്.

5) ഈ അബാക്കസ് പരിശോധിക്കുമ്പോൾ പല സെക്ഷനുകളിലും 100% റീഡിങ് എടുത്ത് ബില്ലുകൾ നൽകുന്നില്ല എന്ന് കാണുന്നു ഇത് വളരെ ഗൗരവതരമായ കാര്യം ആണ്. ആയതിനാൽ തങ്ങളുടെ സെക്ഷനുകളിൽ എല്ലാ ഉപഭോക്താക്കൾക്കും റീഡിങ് എടുത്ത് ബില്ലുകൾ നൽകുന്നുണ്ടോ എന്ന കാര്യം ബന്ധപ്പെട്ട AE/HC മാർ ഉറപ്പുവരുത്തേണ്ടതാണ് ഇത്തരം വീഴ്ചകൾ ഇനി വരുത്തിയാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

6) ഭൗതികമായി കണക്ഷൻ നൽകാത്ത ഒട്ടനവധി ഉപഭോക്താക്കൾക്ക് നിരന്തരമായി ബില്ലുകൾ നൽകുന്നുവെന്ന നിരവധി പരാതികൾ ഈ കാര്യാലയത്തിൽ ലഭിക്കുന്നുണ്ട്. കണക്ഷൻ നൽകാതെ വർഷങ്ങളായി ബില്ലു നൽകുന്നതുമൂലം ഉണ്ടാകുന്ന പരാതികൾ അതോറിറ്റിയുടെ യശസ്സിന് കളങ്കമേൽപ്പിക്കുന്നു. ഇപ്രകാരമുള്ള കണക്ഷനുകളിലെ കുടിശ്ശിക തുക പരിശോധിച്ച് വേണ്ട നടപടികൾ എടുക്കേണ്ടതാണ് റവന്യൂ HC മാർ ഇത് സംബന്ധിച്ച് റിപ്പോർട്ട് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയർക്ക് നൽകേണ്ടതും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ടി തുക ഇ-അബാക്കസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. ഈ പ്രവർത്തനം ഒരു മാസത്തിനകം പൂർത്തിയാക്കേണ്ടതും തങ്ങളുടെ പരിധിയിൽ ഇത്തരം കണക്ഷനുകൾ ഇ- അബാക്കസിൽ ഇല്ലായെന്ന് ബന്ധപ്പെട്ട AEE മാർ ഉറപ്പ് വരുത്തേണ്ടതുമാണ്.

7) ഭൗതികമായി കണക്ഷൻ നൽകാത്ത വീടുകളിൽ/സ്ഥാപനങ്ങളിൽ യാതൊരു കാരണവശാലും ബില്ലുകൾ നൽകാൻ പാടില്ല, ബന്ധപ്പെട്ട മീറ്റർ റീഡർമാർ ഇക്കാര്യത്തിൽ അതീവ ജാഗ്രത പുലർത്തേണ്ടതാണ്. മേലിൽ ഇത് സംബന്ധിച്ച് പരാതികൾ വന്നാൽ ബന്ധപ്പെട്ട മീറ്റർ റീഡർ/മീറ്റർ ഇൻസ്പെക്ടർ എന്നിവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

മേൽ സൂചിപ്പിച്ച കാര്യങ്ങളിലെ പ്രവർത്തനങ്ങൾ യഥാവിധി നടക്കുന്നുണ്ടോ എന്ന കാര്യം (പ്രത്യേകിച്ച് **Internal** അദാലത്ത് നടപടികൾ) ബന്ധപ്പെട്ട SE, CE എന്നിവർ ഉറപ്പു വരുത്തേണ്ടതും അത് സംബന്ധിച്ച റിപ്പോർട്ട് ഈ കാര്യാലയത്തിൽ നൽകേണ്ടതുമാണ്.

G Sreekumar
മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ചീഫ് എൻജിനീയർമാർക്കും
എല്ലാ സൂപ്രണ്ടിങ് എൻജിനീയർമാർക്കും

പകർപ്പ്:-

എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും
എല്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും
PA TO MD ,PA TO AM PA TO TM, FM&CAO,CE (OPERATIONS) ,CE(HRD),SF

Draft #4 of File 5585/AO(RMC)/2021/KWA Approved by Managing Director on 08-Apr-2021 01:49 PM - Page 2

The document is digitally approved. Hence signature is not needed.